"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി-2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.വാസുദേവൻ നായർ, സെക്രട്ടറി, ശ്രീധർമ ദൈവ കുടുംബക്ഷേത്രം, തളിയാടിയിൽ, കെ.ആർ.പുരം ചേർത്തല സമർപ്പിച്ച രണ്ടാം അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.482/2026/ID തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. 1. ആലപ്പുഴ ജിയോളജിസ്റ്റിൻ്റെ 22/03/2017 തീയതിയിലെ DOA/1837/MM/16 നമ്പർ ഡിമാന്റ് നോട്ടീസ്
2. 10.04.2019 ലെ സ.ഉ.(സാധാ)നം.336/2019/വ്യവ ഉത്തരവ്
3. ശ്രീ.വാസുദേവൻ നായർ, സെക്രട്ടറി, ശ്രീധർമ ദൈവ കുടുംബക്ഷേത്രം, തളിയാടിയിൽ, കെ.ആർ.പുരം ചേർത്തല. സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 30.03.2026 തീയതിയിലെ ഡിഎംജി/1136/2026-എം4 നമ്പർ കത്ത്.

5 ബഹു.ഹൈക്കോടതിയുടെ WP(C)24519/2025 ലെ 04/07/2025 നമ്പർ വിധിന്യായം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ കെ.ആർ.പുരം ഭാഗത്ത് തളിയാടിയിൽ ശ്രീധർമ്മ ദൈവക്ഷേത്രത്തിന്റെ കോമ്പൗണ്ടിൽ നിന്നും 201.6 മെട്രിക് ടൺ സിലിക്കാമണൽ അനധികൃതമായി നീക്കം ചെയ്തതിന് റോയൽറ്റിയും, പിഴയും ഉൾപ്പെടെ ആകെ 5,25,976/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് 22/03/2017 ലെ DOA/1837/MM/16-ാം നമ്പർ ഡിമാന്റ് നോട്ടീസ് നൽകിയ ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ പരാമർശം (1) പ്രകാരമുള്ള നടപടിയ്ക്കെതിരെ ശ്രീധർമ്മ ദൈവക്ഷേത്രത്തിന്റെ സെക്രട്ടറിയായ ശ്രീ.വാസുദേവൻ നായർ സർക്കാരിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. പ്രസ്തുത അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരി 29.12.2018 ന് ഹർജിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയും, ഇരുപക്ഷത്തെ വാദങ്ങളും ഹാജരാക്കപ്പെട്ട രേഖകളും അപ്പീൽ അധികാരി നിലവിലെ ചട്ടങ്ങളുടെയും ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 08.11.2016 ലെ സ്പെഷ്യൽ സ്ക്വാഡ് ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് പ്രകാരം ചേർത്തല താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ കെ.ആർ.പുരം ഭാഗത്ത് തളിയാടിയിൽ ശ്രീധർമ്മദൈവ ക്ഷേത്രത്തിന്റെ കോമ്പൗണ്ടിൽ നിന്നും

അനധികൃതമായി സിലിക്കാമണൽ ഖനനം ചെയ്തു നീക്കിയതായി കണ്ടെത്തിയിട്ടുണ്ടെന്നും, തുടർന്ന് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ്, അസി.ജിയോളജിസ്റ്റ്, റവന്യൂ അധികാരികൾ എന്നിവർ ടി ക്ഷേത്രം സെക്രട്ടറിയായ ശ്രീ.വാസുദേവൻ നായരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ടി അനധികൃത ഖനനം ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ക്ഷേത്രത്തിന്റെ ഊട്ടുപുര നിർമ്മാണത്തിനും അതിന്റെ അസ്തിവാരം നിറയ്ക്കാനുമായി ക്ഷേത്ര കോമ്പൗണ്ടിൽ നിന്നും മണ്ണെടുത്തിരുന്നു എന്നുള്ള ഹർജിക്കാരന്റെ വാദം തെറ്റാണെന്നും ജിയോളജിസ്റ്റ് ഹിയറിംഗിൽ അറിയിച്ചിരുന്നു. അതായത് ഊട്ടുപുര വളരെ മുമ്പുള്ള നിർമ്മിതിയാണ്. എന്നാൽ മണ്ണ് നീക്കം ചെയ്തത് അടുത്ത കാലത്താണ് എന്ന് സ്ഥലപരിശോധനയിൽ കണ്ടെത്തിയതായി ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമിയിൽ സിലിക്കാ മണൽ നിക്ഷേപം ഉണ്ടെന്നുള്ളത് ജിയോളജിസ്റ്റ് നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹർജിക്കാരന്റെ വാദങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്ന് ജിയോളജിസ്റ്റ് അറിയിച്ചു.

3. മേൽ സാഹചര്യത്തിൽ അപ്പീൽ അപേക്ഷകന് ആലപ്പുഴ ജിയോളജിസ്റ്റ് 22/03/2017 ൽ നൽകിയ ഡിമാൻ്റ് നോട്ടീസ് നിലനിറുത്തിക്കൊണ്ടും, അപ്പീൽ അപേക്ഷകനായ ശ്രീ. വാസുദേവൻ നായരുടെ ഒന്നാം അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് 10.04.2019 ലെ സ.ഉ.(സാധാ) നം.336/2019/വ്യവ പ്രകാരം ഉത്തരവായിരുന്നു.

4. മേൽ ഉത്തരവിനെതിരെ ശ്രീ.വാസുദേവൻ നായർ പരാമർശം (3) പ്രകാരം രണ്ടാം അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു. ടി അപ്പീൽ വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)24519/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി 04/07/2025 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിലവിലുള്ള രണ്ടാം അപ്പീലുമായി ബന്ധപ്പെട്ട് നാലാം എതിർകക്ഷിയുടെ മുമ്പാകെ സ്റ്റേ അപേക്ഷ സമർപ്പിക്കാൻ ഹർജിക്കാരന് അനുമതി നൽകുന്നുവെന്നും, അത്തരം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ നാലാം എതിർകക്ഷി അത് എത്രയും വേഗം പരിഗണിക്കേണ്ടതാണെന്നും അതുവരെ, ഹർജിക്കാരനെതിരെ ആരംഭിച്ച റവന്യൂ റിക്കവറി നടപടികൾ നിർത്തിവെക്കേണ്ടതാണെന്നും, ഉത്തരവ് വന്ന ദിവസം മുതൽ രണ്ടാഴ്ചയ്ക്കകം സ്റ്റേ അപേക്ഷ സമർപ്പിച്ചില്ലെങ്കിൽ, റവന്യൂ റിക്കവറി നടപടികൾ നിർത്തിവെക്കുന്നത് സംബന്ധിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ലഭിക്കാൻ ഹർജിക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

5. പരാമർശം (2) പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ.വാസുദേവൻ നായർ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 25.03.2026 തീയതിയിൽ രാവിലെ 11.00 മണിക്ക് നടത്തിയ ഹിയറിംഗിൽ അപ്പീൽ നൽകിയ കക്ഷിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേട്ടു.

6. സിലിക്ക മണൽ തങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടില്ലെന്ന് അപ്പീൽ കക്ഷിയുടെ പ്രതിനിധി പ്രസ്താവിച്ചു. തങ്ങളുടെ ഉടമസ്ഥതയിലുള്ള പ്ലോട്ട് നിരപ്പാക്കുന്നതിന് വേണ്ടി മാത്രമാണ് അത് ഉപയോഗിച്ചതെന്നും ടിയാൻ വ്യക്തമാക്കി.

7. 22/03/2017 തീയതിയിലെ ഡിമാൻഡ് നോട്ടീസ് നിലനിർത്തി ഒന്നാം അപ്പീൽ ഹർജി തീർപ്പാക്കിയ സാഹചര്യത്തിൽ, 22/03/2017 തീയതി മുതലുള്ള മുൻകൂർ പ്രാബല്യത്തിൽ 12 % പലിശ സഹിതം റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടതാണെന്നും, എന്നാൽ 3/3/2025 തീയതിയിലെ ഫാറം 24-ൽ 8/05/2019 തീയതി മുതലുള്ള പലിശ മാത്രമാണ് ചുമത്തിയിരിക്കുന്നതെന്നും, ടി കാലയളവിൽ ഓൺലൈൻ ആർ. ആർ-റിക്വസിഷന് 12% ബാധകമായിരുന്നുവെന്നും, നിലവിൽ

ആർ. ആർ.-ന്റ 9% ആണ് പലിശ ഈടാക്കേണ്ടതെന്നും, ആയതിനാൽ മുൻ ഫാറം -24 ഭേദഗതി ചെയ്തു നല്കിയാലും പഴയ നിരക്കിൽ (12 %) ഓൺലൈനിൽ റിക്വസിഷൻ സമർപ്പിക്കുവാൻ സാധിക്കില്ലെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, മേൽ സാഹചര്യത്തിൽ രണ്ടാം അപ്പീൽ ഹർജി നിരസിക്കണമെന്നും കുടിശിക തുക 22/3/2017 മുതലുള്ള 12 % പലിശ സഹിതം അപ്പലന്റിൽ നിന്നും ഈടാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സ്പെഷ്യൽ സ്ക്വാഡ് **8/11/2016** തീയതിയിലും, **15/11/2016** തീയതിയിൽ ജില്ലാ ജിയോളജിസ്റ്റ്, അസി. ജിയോളജിസ്റ്റ്, സ്പെഷ്യൽ സ്ക്വാഡ് ജിയോളജിസ്റ്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് പള്ളിപ്പുറം എന്നിവർ അപ്പലൻ്റിൻ്റെ സാന്നിധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തിയുമാണ് അപ്പലന്റിന് എതിരെ നടപടികൾ സ്വീകരിച്ചത്. **15/11/2016**-ലെ സ്ഥല പരിശോധന റിപ്പോർട്ടിൽ അപ്പലന്റ് ഒപ്പ് വച്ചിട്ടുമുണ്ട്. ടി സ്ഥലത്തെ ഊട്ടുപുര വളരെ പഴക്കം ചെന്ന നിർമ്മിതി ആണ്, സമീപകാലത്ത് നടന്ന അനധികൃത ഖനനം ആണ് സ്ക്വാഡ് പരിശോധിച്ചു കണ്ടെത്തിയതും സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ടതും. ടി സ്ഥലത്തെ ധാതു സിലിക്ക മണൽ ആണ്.**G.O (MS) 36/2010/ID dated 20/02/2010** പ്രകാരം റോയൽറ്റി ഒടുക്കാതെ മണൽ നീക്കം ചെയ്യാം എന്നത് ബാധകമായിട്ടുള്ളത് സാധാരണ മണ്ണിന് മാത്രമാണ്. സർക്കാർ നടപടികൾക്ക് **30** വർഷം വരെ **1963** -ലെ ലിമിറ്റേഷൻ ആക്ട് പ്രകാരമുള്ള സമയ പരിധിയും ഉണ്ട്.

9. മേൽപറഞ്ഞ സാഹചര്യത്തിൽ ശ്രീ വാസുദേവൻ നായർ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിലെ ആവശ്യം നിരസിച്ചും 22/03/2017 ൽ ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാൻ്റ് നോട്ടീസ് നിലനിറുത്തിക്കൊണ്ടും അതിൻ പ്രകാരം അടിയന്തര തുടർ നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജിയോളജിസ്റ്റിനു നിർദേശം നൽകികൊണ്ടും, അപ്രകാരം ബഹു.ഹൈക്കോടതിയുടെ WP(C)24519/2025 മേൽ 04/07/2025 ന് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. വാസുദേവൻ നായർ, സെക്രട്ടറി, ശ്രീധർമ ദൈവ കുടുംബക്ഷേത്രം, തളിയാടിയിൽ,
കെ.ആർ.പുരം ചേർത്തല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With CL)
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്,
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 27-04-2026 15:59:07

സെക്ഷൻ ഓഫീസർ